# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3278

11.05.2017 ൽ മറുപടിക്ക്

### ദേവികുളം നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. രാജേന്ദ്രൻ. | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | ദേവികുളം നിയോജക മണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ)<br>(ബി)<br>&<br>(സി) | ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യം പ്രകടിപ്പിച്ചുവരുന്ന സംരംഭകർക്ക് ജില്ലാ വ്യവസായകേന്ദ്രത്തിൽ നിന്നും സാധ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കുന്നതാണ്.<br>**ഇ. എസ്. എസ്** - ഉല്പാദനവ്യവസായ സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15%മുതൽ 30% വരെ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ട് ആയി നൽകുന്നു. (സ്ത്രീകൾ, യുവാക്കൾ, എസ്. സി. എസ് റ്റി എന്നിവർക്ക് അധികം 5% അടക്കം) പരമാവധി 30 ലക്ഷം രൂപ കൂടാതെ നവീന സാങ്കേതികവിദ്യയോടെ സ്ഥാപിക്കുന്ന വ്യവസായ ങ്ങൾക്ക് 10% ടെക്നോളജി സപ്പോർട്ട് അർഹമായ ഇൻവെസ്റ്റ്മെന്റ് സപ്പോർട്ടിന്റെ പകുതി ഉല്പാദനം തുടങ്ങുന്നതിന് മുമ്പായി സ്റ്റാർട്ട് അപ്പ് സപ്പോർട്ട് ആയും നൽകുന്നുണ്ട്.<br>**പി എം. ഇ ജി പി** - ഉല്പാദന സേവന സംരംഭകരുടെ ആകെ പദ്ധതി ചെലവിന്റെ 15% മുതൽ 35% വരെ ഗ്രാന്റ് നൽകുന്നു. ബാങ്ക് ലോൺ ബന്ധിത പദ്ധതി.<br>**വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡ്** - സംരംഭങ്ങൾക്കാവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ , എൻ ഒ സി തുടങ്ങിയവയ്ക്കുള്ള അപേക്ഷകൾ ജില്ലാ കളക്ടർ ചെയർമാനും, ജില്ലാവ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായ സമിതി ഏകജാലകസംവിധാനത്തിലൂടെ സ്വീകരിച്ച് ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ക്ലിയറൻസുകൾ ലഭ്യമാക്കി നൽകുന്നു. |
| (ബി) | ഉണ്ടെങ്കിൽ അതിന്റെ നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇല്ലെങ്കിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | **ഉദ്യോഗ് ആധാർ മെമ്മോറാം** - സംരംഭകൻ സ്ഥാപനം തുടങ്ങിയതിനു ശേഷം ഉദ്യോഗ് ആധാർ മെമ്മോറാം ഫയൽ ചെയ്യണം.<br>**തദ്ദേശ സ്ഥാപനങ്ങൾ** - ജില്ലാ പഞ്ചായത്തിന്റേയും, ബ്ലോക്ക് പഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റികളുടേയും , ചെറുകിട വ്യവസായ പദ്ധതികൾ നടപ്പിലാക്കുന്നു.<br>**പരിശീലനങ്ങൾ** - സംരംഭകത്വ വികസനം, സാങ്കേതിക, വൈദഗ്ധ്യ പരിശീലനങ്ങൾ തുടങ്ങിയവ നേരിട്ടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് ഏജൻസികൾ മുഖേനയും സംഘടിപ്പിക്കുന്നു.<br>**സംരംഭകത്വ വികസന ക്ലബ്ബുകൾ -** ഹയർ സെക്കന്ററി , കോളേജ് , സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ രൂപീകരിച്ച് വിവിധ സംരംഭകത്വ വികസന പരിപാടികൾ നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**